**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3876** **27-10-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ, ഇ ഹെൽ ത്ത് പ്രവർത്തനം ആരംഭിച്ചു. സി.എച്ച്. സി മുണ്ടക്കയം, പി.എച്ച്.സി പാറത്തോട് എന്നീ ആശുപത്രികളിൽ ഇ ഹെൽത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ ആരം ഭിച്ചെങ്കിലും പി.എച്ച്.സി പാറത്തോട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാലും മുണ്ടക്കയം, CFLTC ആയതിനാലും ഈ രണ്ട് കേന്ദ്രങ്ങളിലും തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ ഓരോ ആശുപത്രിക്കും എത്ര രൂപാ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരോ ആശുപത്രികളുടെയും വലിപ്പം പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവ യുടെ അടിസ്ഥാനത്തിൽ ഒാരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവ ശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒാരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാ റാക്കിയിട്ടാണ് ഇ ഹെൽത്ത് പ്രവർത്ത നങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ ഹെൽത്ത് നടപ്പിലാക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (സി) | പദ്ധതി മണ്ഡലത്തിലെ കൂടുതൽ ആശുപത്രികളിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ